# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഡി.വി.യു.പി.എസ് നെടുവത്തൂർ

## 2025-26



# ഡി.വി.യു.പി.എസ് നെടുവത്തൂർ

**കൊട്ടാരക്കര, 691505**

# <u>സ്കൂൾമാസ്റ്റർ പ്ലാൻ</u>

# <u>2025-26</u>

# ചരിത്രം

നെടുവത്തൂർ ഗ്രാമ പഞ്ചായത്തിലെ നെടുവത്തൂർ എന്ന സുന്ദരമായ കൊച്ചുഗ്രാമത്തിലാണ് ഈ വിദ്യാലയം. കേരള സംസ്ഥാനം രൂപം കൊള്ളുന്നതിന് മുൻപ് തിരുവിതാംകൂറിലെ ഇളയിടത്ത് സ്വരൂപത്തിന്റെ അധികാര പരിധിയിലായിരുന്നു നെടുവത്തൂരിലെ ഗ്രാമങ്ങൾ എന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. സ്കൂളിന്റെ സമീപമുള്ള ചരിത്രപ്രാധാന്യമുള്ള ദേവീക്ഷേത്രത്തിന്റെ പേരുതന്നെയാണ് സ്കൂളിനു നൽകിയിരിക്കുന്നത് ദേവി വിലാസം അപ്പർ പ്രൈമറി സ്കൂൾ

1953 ജൂൺ 2-ാം തീയതി 64 വിദ്യാർത്ഥികളെ ഒന്നും രണ്ടും സ്റ്റാൻഡേർഡുകളിൽ പ്രവേശിപ്പിച്ചുകൊണ്ട് ഈ സരസ്വതിക്ഷേത്രം 1433-ാം നമ്പർ എൻ.എസ്.എസ്.കരയോഗം വകയായി പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിന് ദേവിവിലാസം യു.പി.സ്കൂൾ എന്ന് നാമകരണം ചെയ്തു. 1965 ൽ ഈ സ്ഥാപനം അപ്ഗ്രേഡ് ചെയ്തു. അതോടെ 28 ഡിവിഷനും 40 അധ്യാപകരുമുള്ള ദേവിവിലാസം അപ്പർ പ്രൈമറി സ്കൂൾ കൊട്ടാരക്കര ഉപജില്ലയിലെ ഏറ്റവും വലിയ യു.പി.സ്കൂൾ എന്ന ബഹുമതി നേടി.

ഇപ്പോൾ 14 അധ്യാപകരും ഒരു ഓഫീസ് സ്റ്റാഫും ഉൾപ്പെടെ 15 സ്റ്റാഫും 215 വിദ്യാർത്ഥികളും ഇവിടെയുണ്ട്. കലാകായിക, ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും മികച്ച നേട്ടങ്ങൾ ഇവിടുത്തെ കുട്ടികൾ കൈവരിച്ചു. കൂടാതെ LSS, USS പരീക്ഷകളിലും വിവിധ വിഷയങ്ങളിൽ നടത്തുന്ന ക്വിസ് മത്സരങ്ങളിലും നവോദ വിദ്യാലയ പ്രവേശന പരീക്ഷകളിലും, സുഗമഹിന്ദി, സംസ്കൃത സ്കോളർഷിപ്പ്, യൂറിക്ക വിജ്ഞാന പരീക്ഷ, അക്ഷരമുറ്റം തുടങ്ങിയ എല്ലാ മത്സര പരീക്ഷകളിലും ഇവിടുത്തെ വിദ്യാർത്ഥികൾ ഉന്നതവിജയം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂൾ സൊസൈറ്റിയും, സ്കൂൾ ലൈബ്രറിയും,ലാബും പ്രവർത്തിക്കുന്നു.

# ഭൗതികസൗകര്യങ്ങൾ

12 ക്ലാസ്സ് മുറികൾ അടങ്ങുന്ന രണ്ട് നിലകൾ ഉൾക്കൊള്ളുന്ന ഒരു പുതിയ കെട്ടിടവും, ഓടിട്ട രണ്ട് കെട്ടിടവും ഒരു നാലുകെട്ടും ഉൾക്കൊള്ളുന്നതാണ് സ്കൂൾ സമുച്ചയം

ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ഐ. സി. ടി ലാബ്, ലാംഗ്വേജ് ലാബ്, എന്നിവ സ്കൂളിൽ ഉണ്ട്. കുട്ടികളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള ക്ലാസ്സ് മുറികൾ, എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ആഫീസ് മുറി, സ്റ്റാഫ് മുറി, കുട്ടികൾക്ക് ഇരുന്ന് ആഹാരം കഴിക്കാനും കാര്യപരിപാടികൾ നടത്താനുമുള്ള ഹാൾ എന്നിവ വിദ്ധ്യാലയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്

എല്ലാ ക്ലാസ്സ് മുറികളും ഐ. സി. ടി പഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

ഓരോ വിഷയത്തിലും പ്രത്യേകം ലാബുകളുണ്ട്. ശാസ്ത്രമൂല, പരീക്ഷണ ഉപകരണങ്ങൾ എന്നിവ വിദ്യാലത്തിലുണ്ട്.

പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായമായ സ്ഥലസൗകര്യം ,അനുയോജ്യമായ ഇരിപ്പിട സൗകര്യം, ഐ. സി. ടി സൗകര്യം ഉള്ള ക്ലാസ്സ് മുറികൾ എന്നിവ ഉറപ്പു വരുത്തിയിട്ടുണ്ട്

ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണത്തിന് അനുപാതികമായി ടോയ്ലറ്റുകൾ വിദ്യാലയത്തിലുണ്ട്

ജൈവ വൈവിധ്യ പാർക്ക് ഒരുക്കിക്കൊണ്ടിരിക്കുന്നു, ചെറിയ പൂന്തോട്ടം ,പച്ചക്കറിത്തോട്ടം എന്നിവ പരിപാലിച്ചു വരുന്നു

ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ആധുനിക രീതിയിൽ സജ്ജീകരിച്ച അടുക്കളയാണുള്ളത്

സ്കൂളിൽ കുട്ടികളുടെ യാത്രാ സൗകര്യത്തിന് 2 ബസുകൾ ഉണ്ട് .വിശാലമായ സ്കൂൾ ഗ്രൗണ്ട്, സയൻസ് ലാബുകൾ, ലൈബ്രറി, റീഡിംഗ് റൂം, ഇൻറർനെറ്റ് സൗകര്യമുള്ള കംപ്യൂട്ടർ ലാബ്, സ്കൂൾ സൊസൈറ്റി, മനോഹരമായ അസംബ്ളി ഗ്രൗണ്ട്, സ്കൂൾ ബസ് സൗകര്യം ,സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങിയവ എഴുത്തു പറയത്തക്ക സവിശേഷതകളാണ്

# ലക്ഷ്യങ്ങൾ

## ഭാഷ പഠനം - ലക്ഷ്യങ്ങൾ

- ✓ സ്കൂളിലെ മുഴുവൻ കുട്ടികളെയും വായിക്കാനും എഴുതാനും ശേഷിയുള്ളവരാക്കുക .
- ✓ ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക.
- ✓ ലഘുവാക്യങ്ങളിൽ സ്വന്തം ആശയപ്രകടനം നടത്താനുള്ള കഴിവ് നേടുക.
- ✓ സ്വതന്ത്രമായ ആശയപ്രകടനം വാചികമായിനടത്താനുള്ള കഴിവ് നേടുക.
- ✓ കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം.
- ✓ സംഘപ്രവർത്തനത്തിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സാംശീകരിക്കൽ .
- ✓ കവിതകളും പാട്ടുകളും ആശയവ്യക്തിയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കൽ.
- ✓ കഥകളും കവിതകളും മറ്റു വ്യവഹാര രൂപത്തിൽ ആവിഷ്കരിക്കൽ .
- ✓ കഥ ,കവിത, നാടൻപാട്ട്, പഴഞ്ചൊല്ല് എന്നിവ ഹൃദിസ്ഥമാക്കുകയും ഉചിതമായ സന്ദർഭത്തിൽ
- ✓ പ്രയോഗിക്കുകയും ചെയ്യൽ.
- ✓ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കൽ.
- ✓ സാഹിത്യകാരന്മാരെ അടുത്തറിയൽ.
- ✓ ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ. ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ
- ✓ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ
- ✓ പ്രവർത്തനങ്ങൾ
- ✓ പാട്ട് അരങ്ങ്,
- ✓ വായന ചങ്ങാത്തം
- ✓ സചിത്ര പുസ്തകം
- ✓ അക്ഷരം ഉറപ്പിക്കൽ
- ✓ അക്ഷരമാല നിർമ്മാണം
- ✓ അക്ഷര ചിത്രരചന
- ✓ ചിഹ്നങ്ങൾ അടയാളപ്പെടുത്തിയ ചാർട്ട്
- ✓ വായന കാർഡ് നിർമ്മാണം.
- ✓ വായന മൂല സജ്ജീകരിക്കൽ
- ✓ അസംബ്ലിയിൽ വായനയ്ക്ക് അവസരം
- ✓ നാടൻ പാട്ടുകൾ -കേൾക്കൽ പാടൽ -ശേഖരണം- വായ്ത്താരി ഉള്ളത്.

## പരിസര പഠനം - ലക്ഷ്യങ്ങൾ

- ✓ നിരീക്ഷണ പാടവം വളർത്തുക
- ✓ ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം വളർത്തുക ശാസ്ത്ര അവബോധം ഉണർത്തുക.
- ✓ ചുറ്റുപാടുകളുടെ സസ്യങ്ങൾ നിരീക്ഷിക്കൽ വർഗീകരിക്കൽ പട്ടികപ്പെടുത്തൽപ്രയോജനങ്ങൾ കണ്ടെത്തൽ.
- ✓ ജിജ്ഞാസ വളർത്തൽ.
- ✓ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- ✓ പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ✓ സ്വായത്തമാക്കി അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കുക.
- ✓ വ്യക്തി. ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ആരോഗ്യ സംരക്ഷണത്തിന്
- ✓ സഹായിക്കുക.
- ✓ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് ചുറ്റുപാടുമുള്ള മാറ്റങ്ങൾ തിരിച്ചറിയുക.

## പ്രവർത്തനങ്ങൾ

- ✓ **പ്രകൃതി നടത്തം**-ചുറ്റുപാടുകൾ നിരീക്ഷിച്ച് മാറ്റങ്ങൾ തിരിച്ചറിയുക. ചെടികളെ തരംതിരിക്കുക. ജീവജാലങ്ങൾ ലിസ്റ്റ് ചെയ്യുക. ആവാസ വ്യവസ്ഥ തിരിച്ചറിയുക.
- ✓ **പരീക്ഷണങ്ങൾ** -അസംബ്ലികളിൽ പരീക്ഷണം ചെയ്യാൻ അവസരം നൽകിക്കൊണ്ട് ശാസ്ത്രാഭിമുഖ്യം വളർത്തുന്നു.
- ✓ **ഫീൽഡ് ട്രിപ്പ്** - പൊതു സ്ഥാപനങ്ങൾ മനസ്സിലാക്കാനും നെൽകൃഷി പരിചയപ്പെടാനും, ഇഷ്ടിക നിർമ്മാണം നിരീക്ഷിക്കാനും, സിമൻറ് കട്ട നിർമ്മാണം, കെട്ടിട നിർമ്മാണം, ആവാസവ്യവസ്ഥ.

## ഗണിതം - പഠന ലക്ഷ്യങ്ങൾ

- ✓ സംഖ്യാ അവബോധം വളർത്തുക.
- ✓ ജാമിതീയ സൗന്ദര്യം തിരിച്ചറിയുക. *നോട്ടും നാണയങ്ങളും കൈകാര്യം ചെയ്യാൻ പ്രാപ്തി
- ✓ നേടുക.
- ✓ 1 മുതൽ 100 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക.
- ✓ ഗണിത പഠനത്തിൽ താല്പര്യം വളർത്തുക .
- ✓ പിന്നാക്കാവസ്ഥ പരിഹരിക്കുക.
- ✓ ചതുഷ്ക്രിയകൾ എളുപ്പത്തിൽ ചെയ്യുന്നതിന് പ്രാപ്തി നേടുക.
- ✓ പരസ്പരബന്ധം കണ്ടെത്തുക.
- ✓ പാറ്റേൺ സൗന്ദര്യം തിരിച്ചറിയുക.
- ✓ സാധിക്കുക.

- ✓ ക്ലോക്ക് സമയം പറയുക.
- ✓ മിനിറ്റ്, സെക്കന്റ് ,മണിക്കൂർ പരസ്പരം ബന്ധം കണ്ടെത്തുക.
- ✓ കലണ്ടർ പരിചയപ്പെടുക .
- ✓ പ്രവർത്തനങ്ങൾ
- ✓ സംഖ്യകൾ തിരിച്ചറിയൽ
- ✓ കൂട്ടങ്ങളാക്കൽ
    - ○ പാറ്റേണുകൾ
    - ○ അബാക്കസ് നിർമ്മാണം
    - ○ സ്ഥാനവില പോക്കറ്റ്
    - ○ സങ്കലന പട്ടിക രൂപീകരിക്കൽ
    - ○ ഗണിത പൂക്കളം_നിർമ്മാണം
    - ○ ജന്മദിന കലണ്ടർ നിർമ്മാണം
- ✓ ഗണിത മാഗസിൻ നിർമ്മാണം
- ✓ ഒന്നു മുതൽ 100 വരെ തയ്യാറാക്കിയ കാർഡുകൾ ഉപയോഗിച്ച് കളികൾ
- ✓ നിർമ്മിക്കൽ
- ✓ ക്ലോക്ക് നിർമ്മാണം
- ✓ കുട്ടികളുടെ ഉയരം, ഭാരം അളക്കൽ
- ✓ കലണ്ടർ ഉപയോഗിച്ചുകൊണ്ടുള്ള പഠനം
- ✓ ഗണിത മൂല നിർമ്മാണം

# പാഠ്യേതര പ്രവർത്തനങ്ങൾ

- സയൻസ് ക്ലബ്ബ്
- ഐ.ടി. ക്ലബ്ബ്
- ബാലശാസ്ത്ര കോൺഗ്രസ്സ്.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ഗണിത ക്ലബ്ബ്.
- സാമൂഹ്യശാസ്ത്ര ക്ലബ്ബ്.
- പരിസ്ഥിതി ക്ലബ്ബ്.

# നേട്ടങ്ങൾ

- കഴിഞ്ഞ അദ്ധ്യയനവർഷം LSS 5 കുട്ടികൾക്കും USS ക്ക് 4 പേർക്കും ലഭിച്ചു
- സയൻസ് പ്രോജക്ടിന് നമ്മുടെ സ്കൂളിന് അവാർഡ് ലഭിച്ചു
- സൈബർ സെൽ കുറ്റന്വേഷണത്തെ കുറിച്ച് അഴിമുഖവും ക്ലാസ്സും എടുത്തു
- സ്ത്രീകൾക്ക് കൗൺസിലിംഗ് നടത്തുന്നുണ്ട്
- കൂടാതെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് ഇംഗ്ലീഷ് വിദഗ്ദർ എടുക്കുന്നു
- ഭാഷാ പഠനം നടത്തുന്നു ഹിന്ദിയും ഇംഗ്ലീഷും സംസ്കൃതവും
- കളരിപഠനം നടത്തുന്നു കുട്ടികൾക്ക്
- LP UP പത്രം തയ്യാറാക്കുന്നുണ്ട്
- LP വിഭാഗം വിദ്യാരംഗം കവിതാ രചനക്കും സബ്ജില്ല തലത്തിൽ ഒന്നാം സമ്മാനം നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനിക്കാണ്
- LP വിഭാഗം വിദ്യാരംഗം ചിത്ര രചന സബ്ജില്ല ഒന്നാം സമ്മാനം നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനിക്കാണ്
- UP വിഭാഗം വിദ്യാരംഗം കവിതാലാപനം സബ് ജില്ല ഒന്നാം സമ്മാനം നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനിക്കാണ്
- ശാസ്ത്ര രംഗം പ്രാദേശിക ചരിത്ര രചന സബ് ജില്ലാ തലത്തിൽ മൂന്നാം സ്ഥാനം നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനിക്കാണ്
- UP ശാസ്ത്ര രംഗം പരീക്ഷണം സബ് ജില്ലാ രണ്ടാം സ്ഥാനം നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിക്കാണ്
- എല്ലാ മേഖലകളിലും നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ അവരുടേതായ കഴിവുകൾ തെളിയിച്ചിട്ടുണ്ട്

# പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ

1. കരസേന ഉപമേധാവിയായി നിയമിതനായ ലഫ്.. ജനറൽ ശരത്ചന്ദ് ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്
2. Dr. N ബാബു കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ
3. Dr.S ദേവരാജൻ ENT സ്പെഷ്യലിസ്റ്റ്
4. Dr s ബാബുക്കുട്ടൻ ഡെൻറൽ കോളേജ് തിരുവനന്തപുരം(പഴയ ദേവസ്വം ബോർഡ് പ്രസിഡന്റ്)
5. T സുരേഷ് കുമാർ എൻജിനിയർ
6. v സുരേഷ് കുമാർ എൻജിനിയർ
7. B ഹരികുമാർ
8. Advocate v രവീന്ദ്രൻ നായർ (രാഷ്ട്രിയ പ്രവർത്തകൻ)
9. ജഗദീഷ് (കേരള ടീം ക്രിക്കറ്റ് പ്ലയർ) തുടങ്ങിയ നിരവധി പ്രശസ്തർ ഇവിടെ പഠിച്ചിട്ടുണ്ട്

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ക്ലാസ് - 1

മലയാളം

2025 - 2026

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും വിലയിരുത്തലിനും സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# വാർഷിക ലക്ഷ്യങ്ങൾ

* ചെറു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
* ഓരോ കുട്ടിയും ലഘു ബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും വിവിധ രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി, വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
* ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
* ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

ജൂൺ

പ്രവർത്തനങ്ങൾ

* ചിത്രകാർഡുകൾ, വായനകാർഡുകൾ, നിർമ്മാണ ശില്പശാല
* വായനോത്സവവും കഥാവേളയും
* ഓണൊരുക്കം

ജൂലൈ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ അവസരം ഒരുക്കുന്നു
* ക്ലാസ് ലൈബ്രറി ഒരുക്കൽ
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു
* വാചികമായി പറയാൻ അവസരം നൽകുന്നു

ആഗസ്റ്റ്

പ്രവർത്തനങ്ങൾ

* പാട്ടരങ്ങ്
* പാഠപുസ്തകത്തിലെ കവിതകൾ ഭാവാത്മകമായി അവതരിപ്പിക്കൽ
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായനാകാർഡുകൾ തയ്യാറാക്കി അവതരണം.
* രചനോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്താൻ കൈത്താങ്ങ് നൽകൽ.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ
* ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കൽ.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്താക്ഷരി മെച്ചപ്പെടുത്തുന്നു
* കുട്ടികളെ സ്വതന്ത്ര രചിതാക്കളും വായനക്കാരുമായി മാറ്റി എടുക്കുന്നു

ഒക്ടോബർ

പ്രവർത്തനങ്ങൾ

* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു

നവംബർ

പ്രവർത്തനങ്ങൾ

* സംയുക്താക്ഷരി കൂടുതൽ വാക്യഘടനയിൽ എഴുതിച്ചേർക്കൽ
* കൂട്ടവായന - കുട്ടികൾക്ക് ചെറിയ വായനാകാർഡുകൾ, ബാലസാഹിത്യങ്ങൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താപത്രത്തിൽ തലക്കെട്ടോടെ എഴുതാൻ സാധിക്കുന്നു

ഡിസംബർ

പ്രവർത്തനങ്ങൾ

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ അക്ഷരം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു
* പരസ്പരം വിനിമയ ഉപാധിയിൽക്കൂടി കണ്ടെത്തൽ പരിപോഷിപ്പിക്കുന്നു.

...ചിതമായ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാശേഷികളിൽ ഉൾപ്പെടുന്നു.

* സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

ജനുവരി

<u>പ്രവർത്തനങ്ങൾ</u>

* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം
* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു
* കുട്ടികളുടെ സ്വതന്ത്രമായ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

ഫെബ്രുവരി

<u>പ്രവർത്തനങ്ങൾ</u>

* പഠനോത്സവം - ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു
* സ്വതന്ത്രമായി രചനകൾ നടത്തി കൈയെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കാൻ പഠനോത്സവത്തിലൂടെ സാധിക്കുന്നു

മാർച്ച്

<u>പ്രവർത്തനങ്ങൾ</u>

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തകാസ്വാദനക്കുറി- പ്പതി പ്രകാശനം.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

# Academic Master plan [Std: II]

Subject :- ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖനമികവ് | i) എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചനാപ്രവർത്തനങ്ങൾ<br>ii) ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ് | മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | " രചനാശില്പശാല<br>കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖവ്യക്തികൾ | SRG<br>SMC |

Signature of the Class teacher

...demic Master Plan മലയാളം Std: III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | (i) കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.<br>(ii) പുസ്തക ശേഖരവും പ്രദർശനവും<br>(iii) ചിത്ര ഗ്യാലറി | ജൂൺ<br>ജൂൺ ഡിസംബർ<br>ജനുവരി | അദ്ധ്യാപകർ SMC<br>മദർ പി.ടി.എ<br>കുട്ടികൾ | SMC<br>SMC |
| വായനാ പരിപോഷണം | (i) പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം.<br>(ii) വായനാക്കളരി<br>(iii) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | നവംബർ<br>ആഴ്ചയിലൊന്ന്<br>ആഗസ്റ്റ് | വായനശാല SMC SRG<br>കുട്ടികൾ<br>സാഹിത്യ വായനശാല ക്ലബ്ബ് | ക്ലബ്ബ് SMC<br>SRG |

ക്ലാസ് - 4 മലയാളം

മധുരം മലയാളം.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം. | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകം പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തകസംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ. CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവദിക്കൽ. | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി [illegible]ത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

Academic Master plan Std: I

Subject: Mathematics

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു. | സംഖ്യകൾ തിരിച്ചറിയുന്നു. | ജൂൺ | SRG | |
| • ഒറ്റ അക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. | സംഖ്യാകാർഡ് തയ്യാറാക്കുന്നു. | ജൂലൈ | | |
| • സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു. | | | | |
| • രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം. • രണ്ട് ഒറ്റക്ക സംഖ്യകളുടെ വ്യവകലനം. • ഒറ്റക്ക സംഖ്യകളുടെ വ്യാഖ്യാനം. | ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ആഗസ്റ്റ് | SRG | |
| • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ | സെപ്റ്റംബർ | | |
| • സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ | ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ. ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉല്ലാസഗണിത പ്രവർത്തനങ്ങൾ | | SRG | |

Maya
Signature of the teacher.

...അക്കാദമികം.

...യ - ഗണിതം

...ാസ് - 2.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതിക്കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം. | SRG ക്ലാസ് ടീച്ചർ | S.S.A |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

അക്കാദമികം.

ഖല - ഗണിതം

ാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | S.S.A |
| ഗണിതം, ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം. | ജനുവരി | SRG ക്ലാസ് ടീച്ചർ | S.S.A Staff SMC |

അക്കാദമികം

മേഖല- ഗണിതം

ക്ലാസ് - IV

...ക്കാം ഗണിക്കാം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (പ്രത്യേകശ്രദ്ധിയർ ലക്ഷ്യമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ തുക നിർണയം ഏണിയും, പാമ്പും ഡയസ് കളി സങ്കലനം- വ്യവകലനം കച്ചവടക്കളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷിവികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ്. | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള. | | | | |
| ഗണിതശേഷികളുടെ പ്രകടനം | ~~പ്രക~~ പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനഉപകരണങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# Academic Master plan.

## Std- 1 - English.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം നൽകൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br>class teacher | SSA |

# Academic Master plan [Std: II]

Subject :- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അന്യവിദ്യാലയങ്ങളോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk - - - - പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG | |
| | English ബാലസഭ | മാസത്തിൽ ഒന്ന് | Class teacher | SSA |
| | ഇംഗ്ലീഷ് അസംബ്ലി<br>one day English | ആഴ്ചയിൽ ഒന്ന് | SMC | |

Signature of the Classteacher

Academic Master plan.
Std- III English.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന - ആശയം അറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | SRG |
| | വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| | വായനാ ക്വിസുകൾ | 3 മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | |

# Academic Master plan - STD-IV - English.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ മൂന്നുദിവസം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിലുള്ള സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation Story telling) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മകതാ രചന ശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | H.M Class teacher SMC | SMC |

# Academic Master Plan [STD : III]

Subject :- EVS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം, അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | – | – |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ - മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | – | – |
| ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം പരീക്ഷണം, വീഡിയോകളും ശാസ്ത്ര മാസികകൾ | - | – | – |

# Academic master plan [L.P Section]

Std : IV

Subject :- EVS

| | | | | |
|---|---|---|---|---|
| പ്രകൃതി നടത്തം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം അറിവു നിർമാണം | പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ - അന്വേഷണാത്മകം | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് ശാസ്ത്ര മേഖലകൾ ഉൾക്കൊള്ളുന്ന ഇടങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ ഭൂപട വായന സ്വാംശീകര- ചെയ്യപ്പെടൽ | ഭൂപട വായന ഭൂപട രചന ചർച്ച സ്വാംശീകരിക്കാനവസരം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രവിസ്മയ ചുമർ | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM SRG ക്ലാസ്ടീച്ചർ | PTA. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ ക്ലാസിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
* ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കാം.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. 5,6,7, ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അക്ഷരം ആദ്യം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദങ്ങൾ ചോദിച്ച് അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് ഭിത്തിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2) ഹിന്ദി വായന. തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം നൽകൽ. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ | | |

| | | | |
|---|---|---|---|
| | സിഡി നാളെ ഹിന്ദി വാക്യ മുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ |
| 3) ഹിന്ദി സംസാരം. ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും. | | |
| വരുന്നത് ഹിന്ദിയിൽ സംസാരിക്കുവാനുള്ള ഭാഷ പരിചയപ്പെടുത്തും. | വായനയ്ക്ക്..... ഹിന്ദി തെറ്റിച്ച് അദ്ധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. മത്സരവായന തെറ്റാതെ ആവർത്തിക്കാതെ ചാടിപ്പോകാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| SL NO | Programme | Activity | Duration | ഉല്പന്നം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും അർത്ഥങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• Class-ൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷരചാർട്ട്, ചാർട്ടുപുസ്തകം | BRC<br>DIET<br>SCERT (ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പഠിക്കുന്ന ശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര്) ഹിന്ദിയിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളുടെയും വാക്കുകളുടെയും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘണ്ടു | PTA, BRC, Resource Teacher |

| | | | | | |
|---|---|---|---|---|---|
| | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായനാ സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ,<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം- കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനാമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November- to Feb | ചർച്ചകൾ | BRC<br>DIET<br>PTA<br>SCERT |

# Academic Master plan [U.P Section]

Subject : English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാങ്കേതിക വിഭവങ്ങൾ |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | • Lend your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | • Follow me If you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | • Breaking news ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | • Missing Man അധ്യാപികയും, വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് | | | |

[illegible] പ്പെടുത്തുന്നു. | സാധ്യതകളുപയോഗ [illegible]

| | | | |
|---|---|---|---|
| | I Too Can! വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |
| | Learning Ladder ഉപാധി ഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെ [illegible] [illegible] നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഉച്ചിയിലെത്തുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | F.M Corner വ്യത്യസ്തങ്ങളായ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുന്നു | • My Templete കുട്ടികളുടെ കലാ സൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ |
| | • Alert Zone സൂചന ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ |
| | • Run baby Run ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഓരോരുത്തരും വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | • The Grand camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ ഭാരവാഹികൾ, രക്ഷിതാക്കൾ |
| | • അഞ്ചാം ക്ലാസിനായി കഥപറയൽ കഥയെഴുത്ത് അതിന് Role play നാടകം എന്നിവ ഉൾപ്പെടുത്തിയും ഏഴാം ക്ലാസിന് കവിയുടെ പ്രസംഗം തുടങ്ങിയവ... | | |

| | | | |
|---|---|---|---|
| | അധ്യാപികയുടെ സംഭാഷണം റിക്കോർഡ് ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ |
| | • Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. [illegible] നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകൻ |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | meet the foreigner അന്യ ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ |
| | One man Show അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ |

Atal Tinkering Laboratory :

ഇതിലൂടെ പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യമല്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ മൈക്രോസ്കോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചു കൊടുക്കുന്നു.

കാലം : അക്കാദമിക വർഷം

ചുമതല : ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്.

സാമ്പത്തിക വിശകലനം : സയൻസ് ക്ലബ്ബ്, പി.ടി.എ

ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

മാസ്റ്റർ മൈന്റ് :

ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.

എക്സ്പോ - എക്സ്പ്ലോർ :

ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

ശാസ്ത്രവിസ്മയ ചുമർ :

ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.

വിസ്മയ യാത്ര :

ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.

മേഖല: യു.പി സയൻസ്

<u>ലക്ഷ്യങ്ങൾ</u> :-

1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടു-കളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.

2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ.

<u>പ്രവർത്തനങ്ങൾ</u> :-

നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:

ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, കുളം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.

പരീക്ഷണക്കളരി:

നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ

| | | | | |
|---|---|---|---|---|
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിവാരം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ്. | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം / മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം. | ഹെഡ്മിസ്ട്രസ്-<br>മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും. | ഇ - കമ്പ്യൂട്ടിംഗ്.<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല - U.P മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക് പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

## മേഖല - U.P സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ...കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണ മികവ് | സെന്റ് മേരീസ് എഫ്.എം.<br>വിശേഷ ദിനങ്ങളുടെയും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |
| 7) ഉന്നതവി[illegible] [illegible] ശാസ്ത്രസംസ്കാരത്തിന് വിത്ത് | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം. | പി.ടി.എ ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ. |

| | | | | |
|---|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം - നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | വി |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| [illegible]സ്ഥിര [illegible]കന്ന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർ തടങ്ങൾ ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്. സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| 1) അടിസ്ഥാനക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ മാസം. | ഗണിത അധ്യാപകർ |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കായിക ചലനശേഷികളുടെ വികാസവും. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽവച്ച് ഗണിത ക്ലാസ് നടത്തൽ | ജൂലൈ മാസം. ആവശ്യാനുസരണം. | ഗണിത അധ്യാപകർ |
| 3) ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും | ഗണിതക്ലബ്ബ്. |
| 4) ഗണിതം മധുരമാക്കൽ | ഗണിതകളികൾ. eg. ഗുണനപട്ടികയുടെ [illegible], [illegible] | ആവശ്യാനുസരണം. | ഗണിത അധ്യാപകരും കുട്ടികളും. |
| 5) ഗണിതത്തിലേയ്ക്ക് കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | [illegible] കണക്കിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ | ആവശ്യാനുസരണം. | ഗണിത ക്ലബ്ബ്. |
| 6). ആധുനികസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതിയ രൂപങ്ങൾ വരച്ച് ക്രിയകൾ ചെയ്യാൻ ഐ.ടി. പാഠ്യ പ്രവർത്തനങ്ങൾ സാധ്യതകളിലൂടെ പ്രയോജനപ്പെടുത്തുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല. |
| --- | --- | --- | --- |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിലൊരു പീരിയഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. |
| 8) നിരീക്ഷണങ്ങളുടെ വിശകലനം. | മുകളിൽ സൂചിപ്പിച്ച തീരുമാനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ SRG-ൽ ചർച്ച ചെയ്യപ്പെടുന്നു. നിശ്ചിതമായ സമയങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. |

കൺവീനർ Bindhu M.S

വാർഷിക സ്കീം പ്ലാൻ ഗണിതം. Std. VII

## ലക്ഷ്യങ്ങൾ

സമാന്തരവരകളുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ നിത്യജീവിതത്തിൽ പ്രയോഗിക്കാനുള്ള കഴിവും ആത്മവിശ്വാസവും എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

ത്രികോണത്തിന്റെ പരപ്പളവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.

വർഗ്ഗം വർഗ്ഗമൂലം സംഖ്യാബന്ധങ്ങൾ എന്നിവ ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.

ദൂരം സമയം വേഗത ഇവയുടെ പരസ്പരബന്ധം മനസ്സിലാക്കുക. സന്ദർഭോചിതമായ പ്രശ്നപരിഹാരണത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവ് വികസിപ്പിക്കുക

ത്രികോണ നിർമിതിക്ക് ആവശ്യമായ അളവുകൾ കണ്ടെത്തുകയും അവ ഉപയോഗിച്ച് സൂക്ഷ്മതയോടും കൃത്യതയോടും വരയ്ക്കാനുള്ള ശേഷി നേടുക.

മട്ടത്രികോണത്തിന്റെ വശങ്ങളുടെ നീളങ്ങൾ തമ്മിലുള്ള ബന്ധം യുക്തിപൂർവ്വം സമർഥിക്കുകയും പൈഥഗോറസ് സിദ്ധാന്തം ഗണിതപ്രശ്നങ്ങളിൽ ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുക.

ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആത്മവിശ്വാസം കുട്ടികളിൽ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിച്ച് ക്ലാസ്സിലെ പിന്നോക്കാവസ്ഥ മാറ്റി ഗണിതത്തിൽ കുട്ടികളിൽ ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുക. | 5,6,7 ക്ലാസിലെ കുട്ടികൾക്കായി pretest നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. അവർക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. ദിവസവും അര മണിക്കൂർ ക്ലാസ് നടത്തുന്നു. ഇടവേളകളിൽ വിലയിരുത്തൽ നടത്തി തുടർ പ്രവർത്തനങ്ങൾ നൽകുന്നു. | രണ്ടാം ടേം പ്രവർത്തി ദിവസം. | ഗണിത അധ്യാപകർ |
| ഗണിത പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഗണിതക്ലബ്ബ് രൂപീകരണം. | ഗണിതക്ലബ്ബ് താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നു. പ്രസിഡന്റും സെക്രട്ടറിയും ക്ലബ്ബ് ഭാരവാഹികളും. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ക്വിസ്, പസിൽ ഇവ തയ്യാറാക്കുന്നു. | മാസത്തിൽ ഒരു വെള്ളിയാഴ്ച. | ക്ലബ്ബ് അംഗങ്ങൾ. |
| BALA വിദ്യാലയത്തെ ഗണിത വൽക്കരിക്കൽ. | ക്ലാസ് മുറികളും വരാന്തകളും ചുമരുകളും ഗണിതരൂപങ്ങൾ വരച്ച് fraction flower clock fractions തുടങ്ങിയവ ചെയ്ത് ഗണിത സൗഹൃദം നിർമ്മിക്കും. | വർഷം മുഴുവൻ അവധിക്കാലത്ത് തുടർച്ചയായി. | SMC PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഗണിത പഠനം കൂടുതൽ ഫലപ്രാപ്തിയിലാക്കാൻ | ഗണിതാധ്യാപകർ ലാപ്ടോപ്പ് projector തുടങ്ങിയവ ഉപയോഗിക്കുന്നു | വർഷം മുഴുവൻ | |
| ഗണിതശാസ്ത്രമേള നടത്തൽ | വിദഗ്ധരെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ ശാസ്ത്രമേള നടത്തി ഉൽപന്നങ്ങൾ ഹാളിൽ [illegible] | ഒക്ടോബർ മാസം. | ഗണിത അധ്യാപകർ. |
| ഗണിത സഹവാസ ക്യാമ്പ് നടത്തുക | 40, 60 കുട്ടികൾ വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം കൊടുക്കുന്നു. | ക്രിസ്തുമസ് അവധി | MPTA HM. |
| പ്രകൃതിയിലെ ഗണിതം കണ്ടെത്തൽ ഫീൽഡ് ട്രിപ്പ് | സമീപ പ്രദേശങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | [illegible] | ഗണിത അധ്യാപകർ |
| പിന്നോക്കക്കാർക്കായി പ്രത്യേക ശ്രദ്ധ. | പരിശീലനം ലഭിച്ച അധ്യാപകരെ ഉൾപ്പെടുത്തി ശ്രദ്ധ നൽകുന്നു | ജനുവരി | ഗണിത അധ്യാപകർ. |
| പരിഹാരബോധനം. | ഗണിതത്തിൽ കൂടുതൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തി വിദഗ്ധരെക്കൊണ്ട് ക്ലാസ് നടത്തുന്നു. | | |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |